# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 276 — 13.03.2017-ൽ മറുപടിക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, കെ.എം.ഷാജി<br>,, എൻ. ഷംസുദ്ദീൻ<br>,, പി.ബി. അബ്ദുൽ റസ്സാക്ക് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി തുക ചെലവഴിക്കുന്നതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല<br><br>2016-17 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് ഡി.പി.സി അംഗീകാരം ലഭിക്കാൻ വൈകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തു വരുന്നു. ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നടത്തുന്ന മേഖലാതല അവലോകന യോഗങ്ങളിലും സംസ്ഥാനതല അവലോകന യോഗങ്ങളിലും പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നതും നവംബർ 2016 മുതൽ നോട്ട് നിരോധനം മൂലം ഉണ്ടായ പൊതു സാമ്പത്തിക പ്രതിസന്ധിയും വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിച്ചു.<br>വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും റിവ്യൂ നടത്തി ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| സി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തെ വർദ്ധിച്ച പദ്ധതിച്ചെലവുകൾ പദ്ധതികളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ പദ്ധതി പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; ഈ സാമ്പത്തിക വർഷം നാളിതുവരെയുള്ള പദ്ധതിച്ചെലവ് എത്ര ശതമാനമാണ്? | സി) | 06.03.2017 വരെ ഗ്രാമപഞ്ചായത്തുകൾ 30.63% തുകയും ജില്ലാ പഞ്ചായത്തുകൾ 24.34% തുകയും ചെലവഴിച്ചിട്ടുണ്ട്.<br>നാളിതു വരെ മുനിസിപ്പാലിറ്റികളുടെ പദ്ധതി ചെലവ് 25.98% ഉം കോർപ്പറേഷനുകളുടേത് 15.58% ഉം ആണ്.<br>ബ്ലോക്ക് പഞ്ചായത്തുകൾ നാളിതുവരെയായി 32.27% പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ